41

# പരിശോധനയ്ക്കുള്ള സമയം

***വായനാ ഭാഗം #16***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

X. ഹെരോദാവിന്റെ പ്രദേശത്തുനിന്ന് യേശുവിന്റെ പിൻവാങ്ങൽ (മടങ്ങിവരവും) (തുടർച്ച).

2. അയ്യായിരം പേരെ പോറ്റൽ (മത്താ. 14:13–21; മർക്കൊ. 6:33–44; ലൂക്കൊ. 9:11–17; യോഹ. 6:2–14).
3. വെള്ളത്തിന്മീതെ നടക്കൽ (മത്താ. 14:22–36; മർക്കൊ. 6:45–56; യോഹ. 6:15–21).

Y. ജീവന്റെ അപ്പത്തെ കുറിച്ചുള്ള യേശുവിന്റെ പ്രസംഗം (പത്രൊസിന്റെ ഏറ്റുപറച്ചിലും) (യോഹ. 6:21–71).

**മുഖവുര**

യേശുവിന്റെ ഏറ്റവും അറിയപ്പെടുന്ന അത്ഭുതങ്ങളിൽ ഒന്നായ, അയ്യായിരംപേരെ പോഷിപ്പിക്കുന്നതുമായിട്ടാണ് ഈ പാഠം ആരംഭിക്കുന്നത്. അവന്റെ നിർണ്ണായകമായ പ്രസംഗങ്ങളിൽ ഒന്നോടെയാണ് അത് അവസാനിക്കുന്നത്, അത് ജീവന്റെ അപ്പത്തെ കുറിച്ചുള്ള അവന്റെ പ്രസംഗമാണ്. ഒന്നാമത്തേത് അവന്റെ ഭൗമിക ശുശ്രൂഷയിലെ ഏറ്റവും ഉയർച്ചയുടെ പടവുകളിൽ ഒന്നായിരുന്നു; രണ്ടാമത്തേത് അവന്റെ ജീവിതത്തിലെ ഏറ്റവും താഴ്ന്ന നിമിഷങ്ങളെയാണ് കാണിക്കുന്നത്.

ഈ പാഠത്തിൽ, നമ്മൾ ശ്രദ്ധിക്കുന്നത് രണ്ടു വാക്കുകളിലാണ്. ഒന്നാമത്തെ വാക്ക് "പരിശോധിക്കുക" എന്നാണ്. യേശു പുരുഷാരത്തെ പോഷിപ്പിക്കുന്നതിനുമുൻപ്, അവൻ ഫിലിപ്പൊസിനോടു ചോദിച്ചു, "ഇവർക്കു തിന്നുവാൻ, നാം എവിടെനിന്ന് അപ്പം വാങ്ങും?" (യോഹന്നാൻ 6:5). കർത്താവ് അങ്ങനെ ചോദിച്ചത് "അവനെ *പരീക്ഷിക്കുവാൻ* അത്രേ" എന്നാണ് യോഹന്നാൻ എഴുതിയത് (യോഹന്നാൻ 6:6; എംഫസിസ് മൈൻ). അപ്പൊസ്തലന്മാരുമായുള്ള ക്രിസ്തുവിന്റെ തുടർന്നുള്ള പ്രസ്താവനകൾ അവന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ശേഷിച്ചവരെയും പരിശോധിച്ചു.

രണ്ടാമത്തെ വാക്ക് "വിശ്വസിക്കുക," അല്ലെങ്കിൽ "വിശ്വാസം" എന്നാണ്. ജീവന്റെ അപ്പത്തെ കുറിച്ചുള്ള പ്രസംഗത്തിൽ, "വിശ്വസിക്കുക" എന്ന വാക്ക് വീണ്ടും വീണ്ടും വിവിധ രൂപങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (യോഹന്നാൻ 6:29, 35, 36, 40, 47). വിശ്വാസത്തിന്റെ[1] ആവശ്യകതയെ അധികമായി യേശു ഊന്നിപ്പറഞ്ഞിരുന്നുവെന്ന് നാം നിരീക്ഷിക്കുകയുണ്ടായി.

ആളുകൾ അവനിൽ വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്ന് അറിയേണ്ടതിന്, അവന്റെ അനുയായികളെ ക്രിസ്തു പരീക്ഷിക്കുവാൻ തുടങ്ങിയിരുന്നു. "പരിശോധിക്കുക" എന്നും "വിശ്വസിക്കുക" എന്നുമുള്ള വാക്കുകൾ ഈ പാഠത്തിലെ ഓരോ സംഭവത്തിലും കാണുന്നില്ല – എന്നാൽ അതിലെ ഓരോ സംഭവത്തിലും കർത്താവിനെ അനുഗമി

ക്കുന്നു എന്ന് അവകാശപ്പെടുന്നവർക്ക് അവരുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നതായി അന്തർലീനമാക്കിയിട്ടുണ്ട്.

### തുറസ്സായ പുൽപ്പുറത്തുള്ള പരിശോധന (മത്താ. 14:13-21; മർക്കൊ. 6:33-44; ലൂക്കൊ. 9:11-17; യോഹ. 6:2-14)

നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിക്കുമ്പോൾ, യേശു തന്റെ അപ്പൊസ്തലന്മാരുമായി പടകിൽ കയറി ഗലീലാ കടലിന്റെ കിഴക്കേ തീരത്തേക്കു യാത്രചെയ്യുവാനുദ്ദേശിച്ചതായി കണ്ടു (മർക്കൊസ് 6:30–32; നോക്കുക മത്തായി 14:13; യോഹന്നാൻ 6:1).[2] അവരുടെ ലക്ഷ്യസ്ഥാനം ഒരു ഗ്രാമത്തിനടുത്തുള്ള ബേത്ത്–സെയ്ദ എന്ന നിർജ്ജന പ്രദേശമായിരുന്നു (ലൂക്കൊസ് 9:10).

അവർ കരയ്ക്കടുത്തപ്പോൾ, പുരുഷാരം തിങ്ങിക്കൂടി – നൂറുകണക്കിനാളുകൾ, ഓരോ മിനിറ്റിലും[3] കൂടുതൽ കൂടുതൽ ആളുകൾ എത്തിക്കൊണ്ടിരുന്നു. ക്രിസ്തുവിന് "അവരോടു മനസ്സലിവു തോന്നി." അവൻ സാധാരണപോലെ, അവരെ ഉപദേശിപ്പാനും അവരുടെ രോഗങ്ങളെ സൗഖ്യമാക്കുവാനും തുടങ്ങി (മത്തായി 14:14; മർക്കൊസ് 6:34; ലൂക്കൊസ് 9:11).

#### വിശ്വാസം പരീക്ഷിക്കപ്പെട്ടു: "നിങ്ങളുടെ ആവശ്യങ്ങൾ[4] ലഭിക്കുവാൻ നിങ്ങൾ എന്നിൽ ആശ്രയിക്കുന്നുണ്ടോ?"[5]

പകൽ അവസാനിക്കാറാകുമ്പോഴേക്കും, ആളുകൾ തിങ്ങിക്കൂടുന്നതു വർദ്ധിച്ചുവരികയും ആയിരക്കണക്കിന് ആവുകയും ചെയ്തു (ലൂക്കൊസ് 9:14). പരീക്ഷിക്കുവാൻ തുടങ്ങി:

> യേശു വലിയോരു പുരുഷാരം തന്റെ അടുക്കൽ വരുന്നതു കണ്ടിട്ടു, ഫിലിപ്പൊസിനോടു, "ഇവർക്കു തിന്നുവാൻ നാം എവിടെ നിന്നു അപ്പം വാങ്ങും?" എന്നുചോദിച്ചു. ഇതു അവനെ പരീക്ഷിപ്പാനത്രേ ചോദിച്ചതു, താൻ എന്തു ചെയ്‌വാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു (യോഹന്നാൻ 6:5, 6).

കണക്കുകൂട്ടുവാനുള്ള തന്റെ കഴിവിനെ പരിശോധിക്കുന്നതായിരുന്നു ക്രിസ്തുവിന്റെ വാക്കുകൾ എന്ന് ഫിലിപ്പൊസിനു മനസ്സിലായി. അവൻ ഉത്തരം പറഞ്ഞു, "ഓരോരുത്തന്നു അല്പമല്പം ലഭിക്കേണ്ടതിന്നു, ഇരുന്നൂറു പണത്തിന്നു അപ്പം മതിയാകയില്ല" (യോഹന്നാൻ 6:7).

അതിനുശേഷം പെട്ടെന്ന്, അതേ വിശ്വാസ പരീക്ഷണം ശേഷിച്ച അപ്പൊസ്തലന്മാർക്കും നൽകുകയുണ്ടായി:

> വൈകുന്നേരം ആയപ്പോൾ, ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു, "ഈ സ്ഥലം മരുഭൂമിയല്ലോ നേരവും വൈകി; പുരുഷാരം ഗ്രാമങ്ങളിൽ പോയി ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന്നു, അവരെ പറഞ്ഞയക്കേണം" എന്നു പറഞ്ഞു. യേശു അവരോടു, "അവർ പോകുവാൻ ആവശ്യമില്ല; നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ!" എന്നു പറഞ്ഞു (മത്തായി 14:15, 16).

അവർക്കു "ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന ക്രിസ്തുവിന്റെ കൽപനയെ അവരുടെ ശക്തിയെ പരിശോധിക്കുന്നതിൽ ഉള്ള പ്രാഗത്ഭ്യത്തെ പരീക്ഷിക്കുന്നതായിട്ടാണ് പന്തിരുവർ കണ്ടത്. അവരുടെ കൈവശം ഒന്നുമില്ലായിരുന്നു,[6] പുരുഷാരത്തിന്റെ കൈവശം ഒരു കുട്ടി കഴിക്കുന്ന പ്രാതൽ മാത്രം കണ്ടെത്തി (മത്തായി 14:17).

കർത്താവു അനേകം അത്ഭുതങ്ങൾ ചെയ്യുന്നത് ശിഷ്യന്മാർ കണ്ടിട്ടുണ്ട് എന്നത് മനസ്സിൽ വയ്ക്കുക, അതിൽ കാറ്റിനെ ശാന്തമാക്കുന്നതും മരിച്ചവരെ ഉയിർപ്പിക്കുന്നതും ഉൾപ്പെടുന്നു. ഈ സന്ദർഭത്തിൽ, അവൻ രോഗികളെ സൗഖ്യമാക്കുന്നത് അവർ കണ്ടു. കൂടാതെ, അടുത്തുതന്നെ അത്ഭുതം ചെയ്യുവാൻ യേശു അവരെ പ്രാപ്തരാക്കി (മത്തായി 10:1). എന്നിരുന്നാലും, അവർക്കു മനസ്സിലാക്കുവാൻ കഴിയാത്തത് ക്രിസ്തുവിന് ഒരത്ഭുതം ചെയ്യുവാൻ കഴിയുമെങ്കിൽ, അവന് ഏതത്ഭുതവും[7] ചെയ്യുവാൻ കഴിയും എന്നതായിരുന്നു – സ്ത്രീകളെയും കുട്ടികളെയും കൂടാതെ അൽപം അപ്പവും മീനുംകൊണ്ട് അയ്യായിരം പുരുഷന്മാരെ പോഷിപ്പിക്കുന്നതും അതിൽ ഉൾപ്പെടുന്നു.

ചുരുങ്ങിയ ആഹാരം കയ്യിലെടുത്തുകൊണ്ട്, യേശു പുരുഷാരത്തോട് പുൽപ്പുറത്തു ഇരിക്കുവാൻ പറഞ്ഞു (മത്തായി 14:19) അത് ആഹാരത്തിനു വേണ്ടിയായിരുന്നു – അഞ്ചപ്പവും രണ്ടുമീനും[8] മാത്രമായിരുന്നു അവിടെ ഉണ്ടായിരുന്നത്. അതുകൊണ്ട് പരീക്ഷണം സന്നിഹിതരായിരുന്ന എല്ലാവരിലേക്കും നീണ്ടു. ക്രിസ്തു കൽപിച്ചതുപോലെ ചെയ്യുവാൻ വേണ്ടതായ വിശ്വാസം പുരുഷാരത്തിനും ശിഷ്യന്മാർക്കും ഉണ്ടായിരുന്നു.

**പരീക്ഷണ ഫലങ്ങൾ: ഒരു ഭക്ഷണവും - തെറ്റിദ്ധാരണയും**

നാം പരീക്ഷിക്കപ്പെടുമ്പോൾ, പരീക്ഷയുടെ ഫലത്തെ അറിയുവാൻ സാധാരണയായി നമുക്ക് ആകാംക്ഷ ഉണ്ടാകും. ഈ സംഭവത്തിൽ, സന്നിഹിതരായിരുന്നവരുടെ വിശ്വാസത്തിന് പ്രതിഫലമുണ്ടായി: ഒരു കുട്ടിക്കു ആവശ്യമാകുന്ന പ്രാതൽ ഭക്ഷണം വിശപ്പുള്ള ആയിരക്കണക്കിനാളുകൾക്ക് മതി–ആകു–വോളം–ഭക്ഷിക്കാവുന്ന വിരുന്ന്[9] ആയി തീർന്നു:

> എല്ലാവരും തിന്നു തൃപ്തരായി. ശേഷിച്ച കഷണം, പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ, ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു (മത്തായി 14:20, 21; കൂടാതെ നോക്കുക മർക്കൊസ് 6:41–44; ലൂക്കൊസ് 9:16; യോഹന്നാൻ 6:12).

ഭക്ഷിച്ചവർ സന്തോഷിച്ചു[10] – എന്നാൽ ആ ഭക്ഷണം തന്നെയും ഒരു പരീക്ഷണമായിരുന്നുവെന്ന് അവർ തിരിച്ചറിഞ്ഞില്ല: യേശുവിനെയും അവന്റെ ദൗത്യത്തെയും അവർ എങ്ങനെ മനസ്സിലാക്കി എന്നതിനുള്ള ഒരു പരീക്ഷണമായിരുന്നു അത്. ആവേശത്തോടെ, അവർ തമ്മിൽ തമ്മിൽ പറഞ്ഞു, "ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ[11] ഇവൻ ആകുന്നു" (യോഹന്നാൻ 6:14). അത് അവർ നോക്കിപ്പാർത്തിരുന്നവനായിരുന്നു![12] അധികം കഴിയുന്നതിനുമുൻപ്, അവനെ "വന്നുപിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു" (യോഹന്നാൻ 6:15).

"അവനെ രാജാവാ*ക്കുകയോ*"? അവൻ രാജാവായി *പിറന്ന*വനാണ്

(മത്തായി 2:2)[13] – എന്നാൽ ആളുകളുടെ ഉള്ളിൽ ഉണ്ടായിരുന്നത് ഒരു ഭൗമിക രാജാവിന്റെ പ്രസിദ്ധമായ ആശയമായിരുന്നു: അവരെ ശത്രുക്കൾക്ക് എതിരായി പോരാടി വിജയത്തിലേക്കു നയിക്കുവാൻ കഴിവുള്ളവൻ. യേശുവിന്റെ അടുത്ത സമയത്തുനടന്ന അത്ഭുതം അവരുടെ സങ്കല്പങ്ങളെ ജ്വലിപ്പിക്കുന്നതായിരുന്നു: അവന് സൈന്യാധിപൻ ആയി പ്രവർത്തിക്കുവാൻ മാത്രമല്ല, എന്നാൽ ആ സ്ഥാനം നൽകുവാൻ കഴിവുള്ളവനും – സൈന്യത്തിനുവേണ്ട ദൈനംദിന ആഹാരം നൽകുവാൻ കഴിവുള്ളവനുമായിരുന്നു! അവനെ ഭൗമിക രാജാവായി സ്വീകരിക്കുന്നത് അവരുടെ ആത്മീയ രാജാവായി അവനെ അംഗീകരിക്കാതിരിക്കുന്നതിനുതുല്യമാണെന്നു അവർ തിരിച്ചറിഞ്ഞില്ല.

അവരുടെ ഉദ്ദേശങ്ങൾ മനസ്സിലാക്കി, ശിഷ്യന്മാരെ[14] ദൂരെ അയക്കുകയും പുരുഷാരത്തെ[15]പിരിച്ചുവിടുകയും ചെയ്തുകൊണ്ട് ക്രിസ്തു അവരുടെ പദ്ധതികളെ നിരുത്സാഹപ്പെടുത്തി. പിന്നെ, ദുഃഖിച്ച്,[16] അവൻ തനിച്ച് മല[17] കയറി പ്രാർത്ഥിക്കുവാൻ പോയി (മത്തായി 14:22, 23; മർക്കൊസ് 6:45, 46; യോഹന്നാൻ 6:15–17).

## കാറ്റുള്ള കടലിൽ ഒരു പരീക്ഷണം (മത്താ. 14:22-33; മർക്കൊ. 6:45-52; യോഹ. 6:15-21)

യേശു തന്റെ അപ്പൊസ്തലന്മാരോടു പടകിൽ കയറി കഫർന്നഹൂമിലേക്കു പോക എന്നു പറഞ്ഞപ്പോൾ, അവർ വിചാരിച്ചത് പുരുഷാരത്തോട് അവൻ സംസാരിച്ചതിനുശേഷം അവൻ അവരുടെയടുത്ത് തിരികെ വരുമെന്നാണ് (നോക്കുക യോഹന്നാൻ 6:17). ഒരുപക്ഷെ അവർ കരയ്ക്കരുകിലേക്ക് വിരൽചൂണ്ടിക്കാണും; അല്ലെങ്കിൽ അവർ നിരനിരയായി ദൂരെ കാത്തിരുന്നേക്കാം. കർത്താവ് വരാതിരുന്നപ്പോൾ, ക്രമേണ അവർ കടൽകടന്നു യാത്ര തിരിച്ചു.

### വിശ്വാസം പരീക്ഷിക്കപ്പെട്ടു: "നിങ്ങളെ സംരക്ഷിക്കുവാൻ നിങ്ങൾ ആശ്രയിക്കുന്നുവോ?"

കടൽ കടക്കുവാൻ പകുതിവഴി യാത്ര ചെയ്തപ്പോൾ,[18] കടലിൽ പെട്ടെന്നുണ്ടായ കാറ്റ് വള്ളത്തെ ബാധിച്ചു.[19] യോഹന്നാൻ എഴുതിയത് "കൊടുങ്കാറ്റു അടിക്കയാൽ കടൽ കോപിച്ചു" എന്നാണ് (യോഹന്നാൻ 6:18). മത്തായി വിശേഷിപ്പിച്ചത് അവർ "തിരകളാൽ വലഞ്ഞിരുന്നു" എന്നാണ് (മത്തായി 14:24). പടിഞ്ഞാറുനിന്നാണ് കാറ്റുവന്നത്, അവർ പോകുവാൻ ശ്രമിച്ചതു ആ ദിശയിലേക്കായിരുന്നു (മത്തായി 14:24; മർക്കൊസ് 6:48), അങ്ങനെ അവർ തങ്ങളുടെ പായ്ക്കപ്പൽ തുഴയുവാൻ തുടങ്ങി (മർക്കൊസ് 6:48). അവർ മണിക്കൂറുകളോളം[20] തുഴഞ്ഞു, കലക്കമുള്ള വെള്ളത്തിൽ വഴി കണ്ടെത്താതെ അലഞ്ഞു. അവരുടെ ക്ഷീണവും നിരാശയും നമുക്ക് ഊഹിക്കുവാൻ മാത്രമേ കഴിയൂ. ഒരിക്കൽ കൂടെ, അവരുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു.[21] കാറ്റിനെ[22] ശമിപ്പിച്ചുകൊണ്ടു യേശു അവരെ സുരക്ഷിതമാക്കി, എന്നാൽ ഈ സന്ദർഭത്തിൽ അവൻ അവരോടുകൂടെ ഇല്ലായിരുന്നു. ഈ സമയത്ത്, അവൻ ദൂരെ ആയിരുന്നു.

ക്രിസ്തു അവരിൽനിന്ന് മൈലുകൾ അകലെ ആയിരുന്നുവെങ്കിലും,

അവൻ അവരുടെ അപകടം അറിഞ്ഞിരുന്നു. മർക്കൊസ് എഴുതി,

> വൈകുന്നേരം ആയപ്പോൾ, പടകു കടലിന്റെ നടുവിലും, താൻ ഏക നായി കരയിലും ആയിരുന്നു. കാറ്റു പ്രതികൂലം ആകകൊണ്ടു *അവർ തണ്ടു വലിച്ചു വലയുന്നതു അവൻ കണ്ടു,* ഏകദേശം രാത്രി നാലാം യാമത്തിൽ കടലിന്മേൽ നടന്നു, അവരുടെ അടുക്കൽ ചെന്നു, അവരെ കടന്നുപോകു വാൻ ഭാവിച്ചു ... (മർക്കൊസ് 6:47, 48; എംഫസിസ് മൈൻ).

യേശുവിന്റെ അറിയപ്പെടുന്ന അത്ഭുതങ്ങളിൽ ഒന്നായിരുന്നു അവൻ വെള്ളത്തിന്മേൽ നടന്നത്. ആ ചിത്രം, നിങ്ങളുടെ മനസ്സിൽ വെക്കുമ്പോൾ, അവൻ നടന്നത്, മൃദുവായ സാധാരണ ഉപരിതലത്തിൽ ആയിരുന്നില്ല. മറിച്ച്, തിരമാലകൾക്കിടയിൽ മുകളിലേക്കും താഴേക്കും – ആടിയുലഞ്ഞ് നടന്ന് – അവൻ കൊടുങ്കാറ്റിൽ കടലിന്മേൽ നടന്നു.

ക്രിസ്തു പടകിനോടു അടുത്തപ്പോൾ, ശിഷ്യന്മാർ അവനെ ഒരു മിന്നൽപോലെ കണ്ടു – ഒരുപക്ഷെ ഇടിമിന്നലിന്റെ പ്രകാശത്തിൽ ആയിരിക്കാം. അവന്റെ പെട്ടെന്നുള്ള പ്രത്യക്ഷത കൊടുങ്കാറ്റിനേക്കാൾ[23] ഏറെ അവരെ ഭയപ്പെടുത്തി. "അവൻ കടലിന്മേൽ നടക്കുന്നതുകണ്ടിട്ടു, ശിഷ്യന്മാർ ഭ്രമിച്ചു, 'അതു ഒരു ഭൂതം!'[24] എന്നു പറഞ്ഞു, പേടിച്ചു നിലവിളിച്ചു" (മത്തായി 14:26; മർക്കൊസ് 6:49, 50). യേശു അവരുടെ ഭയത്തെ ഇല്ലാതാക്കി, അവരെ വിളിച്ചു പറഞ്ഞു, "ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു; പേടിക്കേണ്ടാ" (മത്തായി 14:27; നോക്കുക മർക്കൊസ് 6:50; യോഹന്നാൻ 6:20).

പിന്നീടു മത്തായി 14–ൽ പത്രൊസിന്റെ നിർണ്ണായകമായ വള്ളത്തിന്മേലുള്ള നടപ്പുകാണാം. അവൻ ക്രിസ്തുവിനെ വിളിച്ചു, "കർത്താവേ, നീ ആകുന്നു എങ്കിൽ, ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കൽപിക്കേണം എന്നു പറഞ്ഞു" (വാ. 28). "'വരിക!' എന്നു അവൻ പറഞ്ഞു, പത്രൊസ് പടകിൽനിന്നു ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു" (വാ. 29). ഞാൻ പലപ്പോഴും കേട്ടിട്ടുള്ള വിമർശനം എന്തെന്നാൽ അപ്പൊസ്തൊലന്റെ കണ്ണ് യേശുവിൽ മാത്രം ആയിരുന്ന സമയമൊക്കെയും, അവൻ നടന്നുനീങ്ങി – എന്നാൽ അവൻ ആഞ്ഞ് അടിക്കുന്ന കടലിലേക്ക് നോക്കിയപ്പോൾ, "കാറ്റു കണ്ടു പേടിച്ചു" മുങ്ങിതുടങ്ങി (വാ. 30). അവൻ നിലവിളിച്ചു, "കർത്താവേ, എന്നെ രക്ഷിക്കേണമേ!" (വാ. 30). "യേശു ഉടനെ, കൈനീട്ടി അവനെ പിടിച്ചു, 'അൽപ വിശ്വാസിയേ, നീ എന്തിന്നു സംശയിച്ചു?' എന്നു പറഞ്ഞു" (വാ. 31). നമ്മിൽ ചിലരെ പോലെ, നടന്നുതുടങ്ങുവാൻ മാത്രം വിശ്വാസമാണ് പത്രൊസിനു ഉണ്ടായിരുന്നത്, എന്നാൽ അത് അവസാനിപ്പിക്കുവാനുള്ള വിശ്വാസം ഇല്ലായിരുന്നു.

**പരീക്ഷാഫലങ്ങൾ: ശാന്തതയും - കലക്കവും**

ശിഷ്യന്മാർ യേശുവിനെയും പത്രൊസിനെയും പടകിലേക്കു കയറ്റി (നോക്കുക യോഹന്നാൻ 6:21; മത്തായി 14:32). ഉടനെ,[25] "കാറ്റു അമർന്നു; അവർ ഉള്ളിൽ അത്യന്തം ഭ്രമിച്ചാശ്ചര്യപ്പെട്ടു" (മർക്കൊസ് 6:51). പിന്നെ "പടകിലുള്ളവർ, 'നീ ദൈവപുത്രൻ സത്യം!' എന്നു പറഞ്ഞു, അവനെ നമസ്ക്കരിച്ചു!" (മത്തായി 14:33).

അത് സന്തോഷപര്യവസായിയായ കഥ പോലെ തോന്നുന്നു, എന്നാൽ

മർക്കൊസിലെ വിവരണം സൂചിപ്പിക്കുന്നത്, അപ്പൊസ്തലന്മാർ, വാസ്തവത്തിൽ നിർണ്ണായകമായ പരീക്ഷയിൽ പരാജയപ്പെട്ടു എന്നാണ്. മർക്കൊസ് എഴുതിയത് "അവർ ഉള്ളിൽ അത്യന്തം ഭ്രമിച്ചാശ്ചര്യപ്പെട്ടു, അവരുടെ ഹൃദയം കടുത്തിരുന്നതുകൊണ്ടു അപ്പത്തിന്റെ സംഗതി അവർ ഗ്രഹിച്ചില്ല" എന്നാണ് (മർക്കൊസ് 6:51, 52). അവന്റെ കരുതൽ പ്രകടിപ്പിക്കുന്നതുകൂടാതെ, ക്രിസ്തു ചെയ്ത ഓരോ അത്ഭുതത്തിലും ദൈവശാസ്ത്ര സൂചനകൾ ഉണ്ടായിരുന്നു. "അപ്പത്തിന്റെ സംഭവത്തിൽനിന്നു" ശിഷ്യന്മാർക്ക് എന്ത് "ഉൾക്കാഴ്ച്ച ആണ് ലഭിച്ചത്"? തുറസ്സായ സ്ഥലത്ത് അവരെ പോഷിപ്പിക്കുവാൻ അവനു ശക്തിയുള്ളതുകൊണ്ട്, കടലിലും അവരെ സുരക്ഷിതമായി സൂക്ഷിപ്പാൻ അവനു ശക്തിയുണ്ടെന്നു അവർ പഠിക്കേണ്ടിയിരുന്നു.

മർക്കൊസ് പറയുന്നതനുസരിച്ച്, അവരുടെ പ്രശ്നം "ഹൃദയ കാഠിന്യമായിരുന്നു" (മർക്കൊസ് 6:52). അവർക്ക് യേശുവിനെ മനസ്സിലാക്കുവാനും അഭിനന്ദിക്കുവാനും കുറെയൊക്കെ കഴിഞ്ഞു, അതു അവരുടെ വിശ്വാസത്തിന്റെ അളവിനെ കാണിക്കുന്നു, തങ്ങളുടെ ഹൃദയവും ജീവിതവും പൂർണ്ണമായി അവന്ന് സമർപ്പിക്കുവാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. ആ പ്രത്യേക പ്രശ്നം പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ മാത്രം ആരംഭിച്ചതോ, അവരിൽ മാത്രം, അവസാനിച്ചതോ ആയിരുന്നില്ല.

## പുരുഷാരം തിങ്ങിക്കൂടിയ പള്ളിയിൽ വെച്ചുണ്ടായ പരീക്ഷ (മത്താ. 14:34-36; മർക്കൊ. 6:52-56; യോഹ. 6:21-71)

കൊടുങ്കാറ്റുള്ള ആ രാത്രിയിൽ ഒരു അത്ഭുതം കൂടെ നടന്നു. യോഹന്നാൻ എഴുതിയത് യേശുവും പത്രൊസും പടകിൽ കയറിയ ഉടനെ, "പടകു അവർ പോകുന്ന ദേശത്തു എത്തിപ്പോയി" (യോഹന്നാൻ 6:21). അവർ ഗന്നേസരേത്ത്[26] പ്രദേശത്തിന്റെ കരയിൽ എത്തി, അത് കഫർന്നഹൂമിന്റെ തെക്കുഭാഗത്തുള്ള ഫലപൂയിഷ്ടമായ പ്രദേശമായിരുന്നു (മത്തായി 14:34; മർക്കൊസ് 6:53). യേശു വടക്കോട്ട് കഫർ ന്നഹൂമിലേക്കു, ആളുകളെ സൗഖ്യമാക്കുവാൻ പോയി (മത്തായി 14:35, 36[27]; മർക്കൊസ് 6:54–56).

ഇതിനിടയിൽ, കടലിന്റെ കിഴക്കേതീരത്തുള്ള പുരുഷാരം യേശു അവിടെ ഇല്ല എന്ന് കണ്ടെത്തി (യോഹന്നാൻ 6:22, 24). പടിഞ്ഞാറേ തീരത്തുനിന്ന് പടകുവരുന്നതുകണ്ടപ്പോൾ, അവർ കഫർന്നഹൂമിലേക്കു കടക്കുവാൻ ഏർപ്പാടു ചെയ്തു, യേശു അവിടെ കാണുമെന്ന് അവർ പ്രതീക്ഷിച്ചു (യോഹന്നാൻ 6:23, 24).[28]

## വിശ്വാസം പരീക്ഷിക്കപ്പെട്ടു: "നിങ്ങൾക്കു ജീവൻ ലഭിക്കുവാൻ നിങ്ങൾ എന്നിൽ ആശ്രയിക്കുന്നുണ്ടോ?"

ക്രിസ്തുവിനെ അന്വേഷിച്ചവർ അവൻ പള്ളിയിൽ ഉപദേശിക്കുന്നതായിട്ട് കണ്ടു (യോഹന്നാൻ 6:59). അവരുടെ അറിവുകൂടാതെ അവൻ എങ്ങനെ വിട്ടുപോയി എന്നതിൽ ആശ്ചര്യപ്പെട്ടു (യോഹന്നാൻ 6:22), അവർ ചോദിച്ചു, "റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു?" (യോഹന്നാൻ 6:25). അന്നുകർത്താവിനോടു ചോദിച്ച പല ചോദ്യങ്ങളിൽ ഒന്നാമത്തേതായിരുന്നു അത്. അവനോടു ചോദിച്ചവർ വിചാരിച്ചതു അവർ അവനെ പരീക്ഷിക്കുന്നുവെന്നാണ്; വാസ്തവത്തിൽ, അന്വേഷിക്കുന്നവരെയാണ് പരീക്ഷണത്തിനു വിധേ

യമാക്കിയത്. അവരുടെ വിശ്വാസം പ്രകടമാക്കേണ്ട സമയമായിരുന്നു അത് – അല്ലെങ്കിൽ അവരുടെ വിശ്വാസമില്ലായ്മ. വാസ്തവത്തിൽ, പുരുഷാരത്തിൽ തുടങ്ങി അപ്പൊസ്തലന്മാരിലേക്ക് ഒതുങ്ങുന്നതുവരെ, പരീക്ഷണങ്ങളുടെ ഒരു പരമ്പരതന്നെ നടന്നു. അവിടെ സന്നിഹിതരായിരുന്ന എല്ലാവരും ഇങ്ങനെ ചോദിക്കുവാൻ യേശു ആഗ്രഹിച്ചു, "ആ മനുഷ്യനിലേക്ക് എന്നെ ആകർഷിച്ചത് *എന്തു? എന്തുകൊണ്ടു* ഞാൻ അദ്ദേഹത്തെ അനുഗമിക്കുന്നു? അവൻ വാസ്തവത്തിൽ *ആരാണെ*ന്നാണ് ഞാൻ കരുതുന്നത്?"

(1) *പുരുഷാരം പരീക്ഷിക്കപ്പെട്ടു*. അവൻ കഫർന്നഹൂമിൽ എത്തിയതിനെ കുറിച്ചുള്ള ചോദ്യത്തിനു ഉത്തരം പറയുന്നതിനുപകരം, യേശു ജീവന്റെ അപ്പമെന്ന വിഷയത്തെ കുറിച്ചു പ്രസംഗിക്കുവാൻ തുടങ്ങി. തെറ്റായ കാരണം[29] കൊണ്ടു അവനെ അനുഗമിച്ച പുരുഷാരത്തെ അവൻ കുറ്റപ്പെടുത്തി:

> ... ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല [അതായതു, അത്ഭുതങ്ങൾ അവൻ മശിഹയാണെന്നു തെളിയിച്ചത്], അപ്പംതിന്നു തൃപ്തരായതുകൊണ്ടത്രേ, എന്നെ അന്വേഷിക്കുന്നതു. നശിച്ചുപോകുന്ന ആഹാരത്തിന്നായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിന്നായിട്ടു തന്നേ പ്രവർത്തിപ്പിൻ (യോഹന്നാൻ 6:26, 27).

ക്രിസ്തു തന്റെ ശ്രോതാക്കളെ അവരുടെ ലക്ഷ്യങ്ങളും മുൻഗണനകളും പരിശോധിക്കുവാൻ ആവശ്യപ്പെട്ടു – എന്നാൽ അവർ കേട്ടതു എന്തെന്നാൽ അവർ *പ്രവർത്തി*ച്ചാൽ, അവർക്കു *നശിച്ചുപോകാത്ത ആഹാരം* ലഭിക്കുമെന്നാണ്. അവർ ചോദിച്ചു, "ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു, ഞങ്ങൾ എന്തുചെയ്യേണം?" (യോഹന്നാൻ 6:28). ഇത് യേശുവിന് തന്റെ വിഷയം അവതരിപ്പിക്കുവാൻ അവസരം നൽകുകയുണ്ടായി: "ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി, അവൻ അയച്ചവനിൽ നിങ്ങൾ *വിശ്വസിക്കുന്ന*തത്രേ" (യോഹന്നാൻ 6:29; എംഫസിസ് മൈൻ).

ചർച്ചയുടെ ദിശ പുരുഷാരത്തിന്നു ഇഷ്ടപ്പെട്ടില്ല. പരീശന്മാരിൽ നിന്ന് കിട്ടിയ ആശയമനുസരിച്ചു (മത്തായി 12:38 നോക്കുക), അവർ ഒരു അടയാളം ചോദിച്ചു: "ഞങ്ങൾ കണ്ടു, നിന്നെ വിശ്വസിക്കേണ്ടതിന്നു, നീ എന്തു അടയാളം ചെയ്യുന്നു?" (യോഹന്നാൻ 6:30). അതിനുമുൻപ്, ക്രിസ്തു രോഗികളെ സൗഖ്യമാക്കുകയും അത്ഭുതകരമായി പോഷിപ്പിക്കുകയും ചെയ്തിരുന്നു, എന്നാൽ അത് മതിയായിരുന്നില്ല. ഹൃദയകാഠിന്യമുള്ളവർക്കു, ഒരു അടയാളവും ഒരിക്കലും മതിയാകുന്നതല്ല.

അവർക്കു വാസ്തവത്തിൽ അടുത്ത സൗജന്യഭക്ഷണം വേണമായിരുന്നു. എങ്ങനെയും, യേശു മോശയെ[30] പോലെ ഒരു പ്രവാചകൻ ആയിരുന്നുവെന്ന് അവർ സമ്മതിച്ചിരുന്നു, മോശെ അവരുടെ പിതാക്കന്മാർക്കു മരുഭൂമിയിൽ മന്ന നൽകിയിരുന്നു – ഒരിക്കൽ അല്ല, ഓരോ ദിവസവും (യോഹന്നാൻ 6:31; പുറപ്പാട് 16 നോക്കുക)! യേശു അവരോടു പറഞ്ഞത് നിങ്ങളുടെ പിതാക്കന്മാർക്ക് അപ്പം നൽകിയത് മോശയായിരുന്നില്ല ദൈവമായിരുന്നു എന്നാണ് (യോഹന്നാൻ 6:32). അതിലുപരി, ദൈവത്തിന് ഇപ്പോൾ "ലോകത്തിന്നു ജീവനെ കൊടുക്കുന്ന" "സ്വർഗ്ഗത്തിൽനിന്നുള്ള സാക്ഷാൽ അപ്പം" അവർക്കു നൽകുവാൻ കഴിയും

(യോഹന്നാൻ 6:32, 33).

"ജീവൻ നൽകുന്ന" അപ്പം – അതായിരുന്നു വാസ്തവത്തിൽ അവർക്കാവശ്യം! അവർ പറഞ്ഞു, "കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ" (യോഹന്നാൻ 6:34).[31] ഒരിക്കൽകൂടെ യേശുവിന്റെ പ്രതികരണം അപ്രതീക്ഷിതവും – സ്വാഗതമല്ലാത്തതും – ആയി മാറി. അവന്റെ ചുണ്ടുകളിൽനിന്ന് ഈ ഞെട്ടിക്കുന്ന പ്രസ്താവന വന്നു: "*ഞാൻ* ജീവന്റെ അപ്പം ആകുന്നു" (യോഹന്നാൻ 6:35; എംഫസിസ് മൈൻ). യോഹന്നാന്റെ[32] പുസ്തകത്തിൽ ക്രിസ്തുവിന്റെ "ഞാൻ" എന്ന ഏഴ് പ്രസ്താവനകളിൽ ഒന്നാമത്തേതാണിത്. ഓരോന്നിനും പ്രത്യേക പ്രാധാന്യമുണ്ട്, എന്നാൽ ഓരോന്നും അവന്റെ ദൈവീകത്വത്തെ ഉറപ്പിക്കുന്നതുമായിരുന്നു; ഏതൊരു യുഗത്തിലും, ഏതൊരു സമയത്തിലും, "ഞാൻ" എന്നു പറയുവാൻ ദൈവത്തിനു മാത്രമേ വാസ്തവത്തിൽ കഴിയൂ (മറ്റൊരുവാക്കിൽ പറഞ്ഞാൽ, "ഞാൻ എപ്പോഴും–ഉള്ളവൻ ആണ്"; നോക്കുക പുറപ്പാട് 3:13–15).

യേശു തന്റെ സംശയിപ്പിക്കുന്ന പ്രസ്താവന തുടർന്നു: "എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല, എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയുമില്ല" (യോഹന്നാൻ 6:35). തുടർച്ചയായ "വിശ്വസിക്കുക" എന്ന വാക്ക് വീണ്ടും[33] വരുന്നു! അവൻ ദുഃഖത്തോടെ പറഞ്ഞു, "എന്നാൽ … നിങ്ങൾ എന്നെ കണ്ടിട്ടും, എന്നെ വിശ്വസിക്കുന്നില്ല" (യോഹന്നാൻ 6:36). ജെ. ഡബ്ളിയു മെക്ഗാർവെ എഴുതി,

> തന്റെ ദൈവീകത്വത്തിനുള്ള വലിയ തെളിവായിരുന്നു യേശുവിന്റെ വ്യക്തിത്വം, എന്നാൽ യെഹൂദന്മാർ … അതു പരിഗണിക്കുവാൻ തയ്യാറായിരുന്നില്ല, അവർ ഒരു അടയാളത്തിനായി വെമ്പൽ കൊണ്ടിരുന്നു. … സൂര്യൻ പ്രകാശകിരണങ്ങൾ നൽകുന്നതു കാണുകയും, അതിന്റെ ചൂട് അനുഭവപ്പെടുകയും അതിന്റെ ജീവൻ–നൽകുന്ന ശക്തി കണ്ടറിയുകയും ചെയ്തിട്ട് ഒരാൾക്കു വിശ്വസിക്കുവാൻ കഴിയുന്നില്ലെങ്കിൽ, സൂര്യന്റെ അസ്ഥിത്വത്തെ എന്തടയാളത്താൽ നിങ്ങൾ അയാൾക്കു കാണിച്ചുകൊടുക്കും?[34]

(2) *"യെഹൂദന്മാർ" പരീക്ഷിക്കപ്പെട്ടു.* ആ സമയത്ത്, "യെഹൂദന്മാർ" പിറുപിറുക്കുവാൻ തുടങ്ങി "കാരണം അവൻ പറഞ്ഞു, 'ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ആകുന്നു'" (യോഹന്നാൻ 6:41). യോഹന്നാൻ പലപ്പോഴും "യെഹൂദന്മാർ" എന്നു സൂചിപ്പിച്ചത് യെഹൂദ അദ്ധ്യക്ഷന്മാരെ ഉദ്ദേശിച്ചുകൊണ്ടാണ് (1:19; 5:10, 15, 16, 18), അതായിരിക്കാം ഇവിടെയും അർത്ഥമാക്കിയത്.

യെഹൂദന്മാർ പിറുപിറുത്തിട്ടും, യേശു തന്റെ അവകാശപ്പെടലിൽ നിന്ന് പിൻമാറിയില്ല. മറിച്ച്, അവൻ ശക്തിയോടെ പ്രസ്താവിച്ചുകൊണ്ടാണിരുന്നത്:

> ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും, മരിച്ചുവല്ലോ. ഇതോ തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന്നു, സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്ന അപ്പം ആകുന്നു. സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം, എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജിവന്നുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം

ആകുന്നു (യോഹന്നാൻ 6:48–51).

ആത്മീയജീവൻ നൽകേണ്ടതിന് (യോഹന്നാൻ 10:10) യേശു ജഡമായി തീരേണ്ടിയിരുന്നു (യോഹന്നാൻ 1:14). കൂടാതെ, മാസങ്ങൾക്കു ശേഷം, അവൻ സ്വയമായി തന്റെ ജഡം "ലോകത്തിന്റെ ജീവനുവേണ്ടി" ക്രൂശിൽ അവന്റെ ജഡം ആണിയടിപ്പാനായി സ്വയമായി "നൽകും." അടഞ്ഞ-മനസ്സുള്ള യെഹൂദന്മാർക്ക് അത്തരം താഴ്ന്ന ആശയങ്ങൾ അവരുടെ മനസ്സിലാക്കലിന് അപ്പുറമായിരുന്നു. താഴ്മയോടെ ക്രിസ്തുവിനോടു അതു വിശദീകരിക്കുവാൻ ആവശ്യപ്പെടുന്നതിനുപകരം, അവർ "'നമുക്കു തന്റെ മാംസം തിന്നേണ്ടതിന്നു തരുവാൻ, ഇവന്നു എങ്ങനെ കഴിയും?' എന്നു പറഞ്ഞു, തമ്മിൽ വാദിച്ചു..." തുടങ്ങി (യോഹന്നാൻ 6:52). യേശുവിന്റെ പ്രതികരണം അതിശയിപ്പിക്കുന്നതും കുഴപ്പിക്കുന്നതുമായിരുന്നു: "ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ, നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല" (യോഹന്നാൻ 6:53).

മതപരമായ അർത്ഥത്തിൽ "അപ്പം തിന്നുക" എന്ന ആലങ്കാരിക പ്രയോഗം യെഹൂദന്മാർക്കു പരിചയമുള്ളതായിരുന്നു. ഡേവിഡ് സ്മിത്ത് പറഞ്ഞു, "ആധുനിക മനുഷ്യരെക്കാൾ യെഹൂദന്മാർക്ക് അത്തരം ഭാഷ അസാധാരണമായിരുന്നില്ല, കാരണം തിരുവെഴുത്തുകളിലും റബ്ബികളുടെ സാഹിത്യത്തിലും ഒരുപോലെ, *അപ്പം* എന്നുവിളിച്ചിരിക്കുന്ന നിർദ്ദേശങ്ങളും അത് ലയിക്കത്തക്കരീതിയിൽ ഭക്ഷിക്കണമെന്നും ഉള്ള ഉപയോഗം ഉണ്ടായിരുന്നു."[35] അങ്ങനെയാണെങ്കിൽ പോലും, മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുക എന്ന പ്രതിഭാസം അവർക്കു അരോചകമായിരുന്നു. ന്യായപ്രമാണം മാംസം തിന്നുന്നതിനെയും രക്തം കുടിക്കുന്നതിനെയും വിലക്കിയിരുന്നു (ലേവ്യാപുസ്തകം 17:10–14).

തീർച്ചയായും, യേശു, അവന്റെ അക്ഷരീകമായ മാംസവും രക്തവും[36] ഭുജിക്കുന്നതിനെ കുറിച്ച് ആയിരുന്നില്ല പറഞ്ഞത്, മറിച്ച് "ജഡത്തിൽ" അവനെ മശിഹയായി കൈക്കൊള്ളുന്നതിനെ കുറിച്ചായിരുന്നു. വാസ്തവത്തിൽ, സംശയാലുക്കളോടു "തന്റെ മാംസം തിന്നുന്ന"തിനെ കുറിച്ച് അവൻ പറയുകയുണ്ടായി, എന്നാൽ അത് അവർ ശ്രദ്ധിച്ചിരുന്നില്ല:

> ... ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തി, അവൻ അയച്ചവനിൽ നിങ്ങൾ *വിശ്വസിക്കുന്ന*തത്രേ (യോഹന്നാൻ 6:29; എംഫസിസ് മൈൻ).
>
> ... എന്നിൽ *വിശ്വസിക്കുന്ന*വന്നു ഒരുനാളും ദാഹിക്കയുമില്ല (യോഹന്നാൻ 6:35; എംഫസിസ് മൈൻ).
>
> ... നിങ്ങൾ എന്നെ കണ്ടിട്ടും, *വിശ്വസിക്കു*ന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ (യോഹന്നാൻ 6:36; എംഫസിസ് മൈൻ).
>
> പുത്രനെ നോക്കിക്കൊണ്ടു, അവനിൽ *വിശ്വസിക്കുന്ന* ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം ... (യോഹന്നാൻ 6:40; എംഫസിസ് മൈൻ).

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, *വിശ്വസിക്കുന്ന*വന്ന് നിത്യ ജീവനുണ്ട് (യോഹന്നാൻ 6:47; എംഫസിസ് മൈൻ).

ഇതു ചിന്തിക്കുക: യേശു പറഞ്ഞു "വിശ്വസിക്കുന്നവന്നു *നിത്യജീവ നുണ്ട്*" (യോഹന്നാൻ 6:47; എംഫസിസ് മൈൻ; കൂടാതെ വാ. 40 നോക്കുക). അതിനുശേഷം ഉടനെ, അവൻ പറഞ്ഞു, "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന്നു *നിത്യജീവൻ ഉണ്ട്*" (യോഹന്നാൻ 6:54; എംഫസിസ് മൈൻ). ജീവന്നു രണ്ടുവഴികൾ ഇല്ലെങ്കിൽ (ഒരു വഴി മാത്രം; യോഹന്നാൻ 14:6), "മാംസം തിന്നുകയും രക്തം കുടിക്കയും ചെയ്യുന്നത്" "അവനിൽ വിശ്വസിക്കുന്നതിന്" തുല്യമാണ്.

നമ്മുടെ വിശ്വാസം ഉണ്ടാകുന്നത് അവനെ കുറിച്ച് പഠിക്കുന്നതിൽ നിന്നും പിന്നെ അതു സ്വീകരിക്കുന്നതിൽ നിന്നുമാണ്. ക്രിസ്തു പറഞ്ഞു, "'എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും'[37] എന്നു, പ്രവാച കപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിനോടു കേട്ടു പഠിച്ചവൻ എല്ലാം, എന്റെ അടുക്കൽ വരും" (യോഹന്നാൻ 6:45). അവൻ വീണ്ടും പറ ഞ്ഞു, "ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു" (യോഹന്നാൻ 6:63).

നാം ഭക്ഷണത്തെ കഴിക്കലുമായി താരതമ്യം ചെയ്യുന്നതുപോലെ, നമുക്ക് യേശുവിനെ സാമ്യപ്പെടുത്തി പറയാവുന്നത് അവനെ പഠിക്കുന്നതും, അവനെ കൈക്കൊള്ളുന്നതും, അവനെ വിശ്വസിക്കുന്നതും, അവനെ അനു സരിക്കുന്നതുമായിട്ടാണ്. നാം കഴിക്കുന്ന ആഹാരം ശരീരത്തിൽ ലയിച്ചു ചേരുന്നു, അതുപോലെ ക്രിസ്തുവിന്റെ വിചാരങ്ങളും സ്വഭാവവും നമ്മുടെ ആത്മാക്കളുടെ ഭാഗമായി തീരണം. ജോണി രാംസെ എഴുതി, "അവൻ പ്രബോ ധിപ്പിക്കുന്നു, 'എന്റെ ആത്മാവിനെ ഉൾക്കൊണ്ട്, എന്റെ ചിന്തയെ അനുക രിച്ച്, എന്റെ പാത പിൻപറ്റുക; അതെ, സ്വർഗ്ഗത്തിലെ ആഴത്തിലുള്ള വഴി കളെ അവൻ തുറന്നുതരുന്നു!'"[38] "ദൈവീക സ്വഭാവത്തിന്ന് പങ്കാളികളായി തീരുവാൻ" നമുക്കുവെല്ലുവിളി തരുന്നു (2 പത്രൊസ് 1:4), ക്രിസ്തു നമ്മിൽ "രൂപപ്പെടുന്നു" (ഗലാത്യർ 4:19), അത് പൗലൊസിനോടുകൂടെ നമുക്ക് ഇങ്ങനെ പറയുവാൻ സാധിക്കുന്നതുവരെ ആണ്, "... ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" (ഗലാത്യർ 2:20).

യോഹന്നാൻ 6–ൽ തന്റെ മാംസം തിന്നുന്നതിനെ കുറിച്ചും തന്റെ രക്തം കുടിക്കുന്നതിനെ കുറിച്ചും യേശു പറഞ്ഞപ്പോൾ, അവന്റെ മനസ്സിൽ കർത്തൃ മേശ ആയിരുന്നില്ല ഉണ്ടായിരുന്നത്. വാക്യം 53 മുതൽ 56 വരെ ക്രിസ്തു വിന്റെ വാക്കുകൾ നമ്മെ സ്വാഭാവികമായും കർത്താവിന്റെ അത്താഴത്തെ ഓർപ്പിക്കുന്നതാണ്. എങ്ങനെയായാലും, ക്രിസ്തു വിചാരപ്പെട്ടിരുന്നത് ക്രിസ്ത്യാനികൾ കൂട്ടായ്മയിൽ അപ്പം നുറുക്കുന്നതിനെ കുറിച്ചായിരുന്നില്ല, എന്നാൽ യെഹൂദന്മാർ അവനെ മശിഹയായി കൈക്കൊള്ളേണം എന്നതാ യിരുന്നു, സന്ദർഭം വ്യക്തമാക്കുന്നത്. വിശ്വാസം – അല്ലെങ്കിൽ വിശ്വാസമി ല്ലായ്മ – എന്നതായിരുന്നു ജീവന്റെ അപ്പത്തെ കുറിച്ചുള്ള പ്രസംഗത്തിലെ വിഷയം.

(3) *ശിഷ്യന്മാർ പരീക്ഷിക്കപ്പെട്ടു*. സംഘർഷം തുടർന്നുകൊണ്ടിരുന്നു: "... അവന്റെ ശിഷ്യന്മാരിൽ പലരും, അവർ അതു കേട്ടപ്പോൾ [ജീവന്റെ അപ്പത്തെ കുറിച്ചുള്ള യേശുവിന്റെ വാക്കുകൾ] പറഞ്ഞു, 'ഇതു കഠിനവാ

ക്ക്; ഇതു ആർക്ക് കേൾപ്പാൻ കഴിയും?'" (യോഹന്നാൻ 6:60). അവസാനം വന്ന ആ കൂട്ടം പിറുപിറുപ്പുകാർ (യോഹന്നാൻ 6:61) അവന്റെ ശത്രുക്കളോ, അല്ലെങ്കിൽ അപ്പം–അന്വേഷിച്ച കഴമ്പില്ലാത്ത പുരുഷാരത്തിന്റെ പ്രതിനിധികളോ ആയിരുന്നില്ല. മറിച്ച്, അവർ അവന്റെ *ശിഷ്യന്മാർ* ആയിരുന്നു, അവരിൽ ചിലർ വളരെ കാലമായി അവനെ അനുഗമിച്ചുവരികയായിരുന്നു. ("ശിഷ്യന്മാർ" എന്ന വാക്കിൽ പന്തിരുവരും ഉൾപ്പെട്ടിരുന്നു [യോഹന്നാൻ 6:64], കൂടാതെ ശേഷിച്ചവർ അധികഭാഗവും മുഴുവൻ–സമയ ശിഷ്യന്മാരും ആയിരുന്നു [ലൂക്കൊസ് 6:13].)

യേശുവിന്റെ ഉപദേശം അവന്റെ ശിഷ്യന്മാരെ വിഷമിപ്പിക്കുവാൻ കാരണം എന്തായിരുന്നു? വാൾ–വീശുന്ന ഒരു മശിഹ, എന്ന അവരുടെ രാഷ്ട്രീയമുൻവിധിക്കു വിപരീതമായിരുന്നു അത്. ദുഃഖത്തോടെ, ക്രിസ്തു അവരോട് ചോദിച്ചു, "ഇതു നിങ്ങൾക്ക് ഇടർച്ച ആകുന്നുവോ? മനുഷ്യപുത്രൻ മുൻപേ ഇരുന്നേടത്തേക്ക് കയറിപോകുന്നതു നിങ്ങൾ കണ്ടാലോ?" (യോഹന്നാൻ 6:61, 62). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഭൗതികത്തിൽ ശ്രദ്ധിക്കാതെ ആത്മിയമായവയിൽ ശ്രദ്ധിക്കുന്ന ഒരു മശിഹയായതുകൊണ്ട് നിങ്ങൾക്ക് എന്നെ സ്വീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു രാജ്യം സ്ഥാപിക്കാതെ ഞാൻ ഭൂമിയിൽനിന്നു പോയാൽ നിങ്ങൾ എന്തു ചെയ്യും?" യേശു രാജ്യം/സഭ സ്ഥാപിച്ച ശേഷം സ്വർഗാരോഹണം ചെയ്തു – അതു അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കുശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തുനാളിലായിരുന്നു – എന്നാൽ അവന്റെ അനുയായികൾ മറ്റൊരു തരത്തിലുള്ള രാജ്യത്തിനായി കാത്തിരുന്നു.

ജഡികകാര്യങ്ങളേക്കാൾ ഉയർന്ന പ്രാധാന്യമാണ് ആത്മീകകാര്യങ്ങൾക്ക് എന്ന് യേശു വീണ്ടും ഊന്നി പറഞ്ഞു (യോഹന്നാൻ 6:63); എന്നാൽ ഒരിക്കൽകൂടെ അവൻ തീർപ്പാക്കി, "... എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ട്" (യോഹന്നാൻ 6:64). ക്രിസ്തുവിന്റെ പ്രസംഗം അവന്റെ ശുശ്രൂഷയിലെ താഴ്ന്ന പോയിന്റിലേക്കാണ് വിരൽ ചൂണ്ടുന്നതെന്നു ഞാൻ ഈ പാഠത്തിന്റെ ആദ്യം പറയുകയുണ്ടായി. ഇതാ ആ താഴ്ന്ന പോയിന്റ്: "അന്നുമുതൽ [ആ സന്ദർത്തിലെ അവന്റെ ഉപദേശം] അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല" (യോഹന്നാൻ 6:66).[39]

യേശുവിന്റെ വിശ്വാസ പരീക്ഷണം ആദ്യം പിറുപിറുക്കലിനും, വാദത്തിനും, അവസാനം പിൻവാങ്ങലിനും തള്ളിക്കളയലിനും കാരണമാക്കി. അവന്റെ "ക്ലാസിലെ" ഭൂരിഭാഗം പേരും പരീക്ഷണത്തിൽ പരാജയപ്പെട്ടു.

(4) *അപ്പൊസ്തലന്മാർ പരീക്ഷിക്കപ്പെട്ടു*. ഏറ്റവും നിർണ്ണായകമായ പരീക്ഷണം അവശേഷിച്ചു. ക്രിസ്തു പന്തിരുവരിലേക്ക് തിരിഞ്ഞു ചോദിച്ചു, "നിങ്ങൾക്കും, പൊയ്ക്കൊൾവാൻ മനസുണ്ടോ?" (യോഹന്നാൻ 6:67). തീർച്ചയായും, ആ വാക്കുകളിൽ നമുക്ക് തികഞ്ഞ ദുഃഖം തോന്നിയേക്കാം.

പത്രൊസിന്റെ മറുപടി അവന്റെ ഹൃദയത്തെ തണുപ്പിച്ചിരിക്കും. അപ്പൊസ്തലന്മാർക്കുവേണ്ടി, അവൻ പറഞ്ഞു, "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു എന്നു പറഞ്ഞു" (യോഹന്നാൻ 6:68, 69). "ഞങ്ങൾ *വിശ്വസിച്ചിരി*

*ക്കുന്നു"* എന്നതാണ്, സന്ദർഭത്തിലെ മുഖ്യവാക്കുകൾ. അവരുടെ വിശ്വാസം പൂർണ്ണമായിരുന്നോ? ക്രിസ്തു വാസ്തവത്തിൽ ആരാണെന്നു അവർ മനസിലാക്കിയോ? രാജ്യത്തിന്റെ യഥാർത്ഥ ചിത്രം അവരുടെ മനസിലുണ്ടായിരുന്നോ? ഇല്ല, ഇല്ല, ഇല്ല. അപ്പോഴും, യേശു മശിഹയാണെന്ന് അവർ വിശ്വസിക്കുകയും, അവർ അവനിൽ സമർപ്പിക്കപ്പെടുകയും ചെയ്തു. അവരുടെ വിശ്വാസം വളർന്നുകൊണ്ടിരുന്നു. അവരുടെ പരീക്ഷ അവർ വിജയിച്ചു!

ഞാൻ ആ പ്രയോഗത്തെ ഒന്നു പുനക്രമീകരിക്കട്ടെ: അവരിൽ *മിക്കപേരും* പരീക്ഷ വിജയിച്ചു. പത്രൊസ് അതറിഞ്ഞില്ല,[40] എന്നാൽ അവൻ സംസാരിച്ചത് പതിനൊന്ന് അപ്പൊസ്തലന്മാർക്ക് വേണ്ടി മാത്രമായിരുന്നു. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രസംഗത്തെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളാണ് യൂദാ യേശുവിനെ അവസാനം തള്ളിക്കളയുവാൻ കാരണമായത് എന്ന് സൂചിപ്പിക്കുന്നതാണ് നമ്മുടെ വേദഭാഗം (യോഹന്നാൻ 6:64, 70, 71).[41] യൂദാ അപ്പോൾ പലരും പോയതുപോലെ, ശാരീരികമായി വേറിട്ടു പോയിരുന്നില്ല, പക്ഷെ അവന്റെ ഹൃദയം കർത്താവിൽ നിന്ന് അകന്നിരുന്നു. സന്നിഹിതരായവരുടെ പ്രയോജനത്തിനായുള്ള[42] ഭൗമികസിംഹാസനം യേശു തള്ളിക്കളഞ്ഞപ്പോൾ ഒരുപക്ഷെ അവന്റെ ഉള്ളിൽ നിരാശ നിറഞ്ഞു കാണും (യോഹന്നാൻ 6:15). യേശുവിന്റെ വാക്കുകൾ ജനക്കൂട്ടത്തിൽനിന്നകന്നു പോയപ്പോൾ അവിശ്വാസം അവന്റെ ഉള്ളിൽ നിറഞ്ഞിരിക്കാം; ആ രീതിയിൽ ഒരു സാമ്രാജ്യം പണിയുവാൻ സാധ്യമല്ല! പരീക്ഷണം നേരിട്ടത്, പന്തിരുവർക്ക്, കൂട്ടമായിട്ടായിരുന്നു, എന്നാൽ യൂദാ പരാജയപ്പെടുകയും മറ്റുള്ളവർ വിജയിക്കുകയും ചെയ്തു.

**ഉപസംഹാരം**

അപ്പൊസ്തലന്മാർക്ക് വേറെയും പരീക്ഷണങ്ങൾ ഉണ്ടാകുന്നുണ്ട് (മത്തായി 16:13 നോക്കുക), പക്ഷെ അവയിലൊന്നും യേശുവിനെ അനുഗമിക്കുന്നവർക്ക് ഇതുപോലെ വിശാലമായ ഫലം ഉണ്ടായിട്ടില്ല. നിങ്ങൾ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, നിങ്ങളും ഞാനും അതേ പരിശോധനകൾ നേരിടുന്നുണ്ട്:

1. എന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഞാൻ അവനിൽ ആശ്രയിക്കുന്നുണ്ടോ, അതോ പ്രശ്നങ്ങൾ വരുമ്പോൾ തളർന്നു താളടിയാകുമോ?
2. അവൻ എന്നെ സംരക്ഷിക്കുന്നതിനു ഞാൻ അവനിൽ ആശ്രയിക്കുന്നുണ്ടോ, അതോ എന്റെ ജീവിതത്തിൽ കുഴപ്പങ്ങൾ നേരിടുമ്പോൾ ഭയപ്പെട്ട് ഓടുമോ?
3. എനിക്കു ജീവൻ നല്കുവാൻ ഞാൻ അവനിൽ ആശ്രയിക്കുമോ? അങ്ങനെ എങ്കിൽ, എന്റെ ജീവൻ ഞാൻ അവന് നല്കും.

ഓർമ്മിക്കുക: വിജയിക്കുവാനുള്ള മാർക്ക്, വിശ്വാസമുള്ളവർക്കാണ്, വാസ്തവത്തിലുള്ള വിശ്വാസമുള്ളവർക്കാണ് ലഭിക്കുക.

**പ്രസംഗക്കുറിപ്പുകൾ**

ഈ പാഠത്തിനു യോജിച്ച ഒരു പ്രസംഗം തിരഞ്ഞെടുക്കുവാനായി

എനിക്ക് വിഷമം നേരിട്ടിട്ടുണ്ട്. അത്ഭുതപോഷിപ്പിക്കലിനെ കുറിച്ചും ജീവന്റെ അപ്പം എന്നതിനെക്കുറിച്ചും പ്രസംഗങ്ങൾ തയ്യാറാക്കുവാൻ ഞാൻ താല്പര്യപ്പെടുന്നു. എങ്ങനെയായാലും, ഓരോ പാഠത്തോടൊപ്പം രണ്ടു പ്രസംഗങ്ങൾ ഉൾപ്പെടുത്തുന്ന രീതി, ഞാൻ ഇഷ്ടപ്പെടുന്നില്ല. ജീവന്റെ അപ്പം എന്ന വേദഭാഗം ഞാൻ എടുക്കാൻ മടിച്ചതിന്റെ കാരണം അതു മിക്ക വിദ്യാർത്ഥികൾക്കും അത്ര പരിചയമില്ലാത്തതുകൊണ്ടാണ്, എന്നാൽ അവസാനം ഞാൻ അയ്യായിരം പേരെ പോഷിപ്പിക്കുന്നതു തിരഞ്ഞെടുക്കുവാൻ കാരണം അതു ആദ്യ ക്രിസ്ത്യാനികൾക്ക്[43] വളരെ പ്രധാനപ്പെട്ടതായതുകൊണ്ടും ഇന്നത്തെ ക്രിസ്ത്യാനികൾക്ക് അത് നന്നായി അറിയാവുന്നതുകൊണ്ടുമാണ്. ഈ പാഠത്തെ തുടർന്നു ആ സംഭവം തുറന്നു കാണിക്കുവാനുള്ള എന്റെ ശ്രമങ്ങളുണ്ട്.

ജീവന്റെ അപ്പത്തെ കുറിച്ച് ഒരു പ്രസംഗം ഞാൻ തയ്യാറാക്കിയിരുന്നെങ്കിൽ, എന്റെ സമീപനം ഒരുപക്ഷെ "തെറ്റായ ഉദ്ദേശങ്ങൾക്കായി ദൈവത്തെ അന്വേഷിക്കുന്നവർ" എന്നായിരുന്നേക്കാം. യേശുവിനെ അനുഗമിച്ച ആളുകളിലധികവും അവനു നല്കുവാൻ കഴിയുന്ന ആത്മിക അനുഗ്രഹങ്ങളേക്കാൾ, ഭൗതിക താല്പര്യം വെച്ച് പിൻപറ്റിയവരായിരുന്നു. നമ്മളോ?

വാസ്തവത്തിൽ, ഈ പാഠത്തിൽ ധാരാളം ഹൊമിലെറ്റിക് ശക്തി ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരെ സഹായിക്കുന്നതിനെ കുറിച്ചു പ്രസംഗിക്കുവാൻ *അയ്യായിരം പേരെ കർത്താവ് പോഷിപ്പിച്ചത്* ഞാൻ ഉപയോഗിച്ചിട്ടുണ്ട്. ഇതിനെ ഉപയോഗിക്കാവുന്നത് സുവിശേഷീകരണത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള പ്രസംഗത്തിലാണ്: "ജനക്കൂട്ടത്തെ പോഷിപ്പിക്കൽ": (1) ജനക്കൂട്ടത്തിന്റെ ശാരീരികാവശ്യത്തിലും ആത്മികാവശ്യത്തിലും കരുതിയിരുന്ന യേശുവിനെ പോലെ നാമും കരുതണം. (2) പുരുഷാരത്തെ ആത്മികമായി പോഷിപ്പിക്കുവാൻ, നമ്മുടെ ശക്തികൾക്കും പരിമിതികൾക്കുമപ്പുറമായി നോക്കുകയും കർത്താവിൽ ആശ്രയിക്കുവാൻ ശീലിക്കുകയും വേണം. (3) ആത്മീയ പോഷണം കർത്താവിൽനിന്നാണ് (വചനം) വരുന്നത്. അത് ആരംഭിക്കുകയല്ല നമ്മുടെ കടമ, പിന്നെയോ അതു പങ്കിടുകയാണ് – അപ്പൊസ്തലന്മാർ അതാണ് ചെയ്തത്.

*യേശു കടലിന്മേൽ നടക്കുന്നതും കൊടുങ്കാറ്റിനെ ശാന്തമാക്കുന്നതുമായ സംഭവങ്ങളെ കുറിച്ചു* ചിന്തിക്കുക: ഈ സംഭവത്തെക്കുറിച്ചുള്ള പ്രസംഗത്തിന് "ക്രിസ്തു ദൂരെ ആണെന്നു തോന്നുമ്പോൾ" എന്ന തലക്കെട്ടു നൽകാം. അതിനു സാധ്യതയുള്ള പോയിന്റുകൾ ഇതാ: (1) നിങ്ങൾ കർത്താവിനെ അനുസരിക്കുമ്പോൾ പോലും കൊടുങ്കാറ്റു വന്നേക്കാം. (2) നിങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റ് അടിക്കുമ്പോൾ അത് കർത്താവിന്ന് *അറിയാം*. (3) കൊടുങ്കാറ്റ് അടിക്കുമ്പോൾ, നിങ്ങളുടെ ബലഹീനതകളിലല്ല നോക്കേണ്ടത്, മറിച്ച് അവന്റെ ശക്തിയിൽ ആശ്രയിക്കുക. (4) കൊടുങ്കാറ്റ് ശാന്തമാക്കുവാൻ അവനു കഴിയുമെന്നു വിശ്വസിക്കുക. (5) ശാന്തതയോടുകൂടെ അപ്രതീക്ഷിതമായ അനുഗ്രഹങ്ങളും വന്നേക്കും (യോഹന്നാൻ 6:21).

മുകളിൽ പറഞ്ഞ സംഭവത്തിന്റെ ഒരു ഭാഗം മാത്രം അടിസ്ഥാനപ്പെടുത്തി പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്: *പത്രൊസ് വെള്ളത്തിന്മേൽ നടക്കുകയും (മുങ്ങിപ്പോവുകയും)* – ചെയ്തതു ഊന്നിപ്പറയുന്നത് ജീവിതത്തിലെ കാറ്റിനെയും അലകളെയും നോക്കുന്നതിനുപകരം യേശുവിനെ നോക്കണം

എന്ന തത്വമാണ്.

യോഹന്നാൻ 6–ലെ *ജീവന്റെ അപ്പം എന്നതിനെ കുറിച്ചുള്ള യേശുവിന്റെ പ്രസംഗത്തിലെ* മറ്റു ആശയങ്ങളും പ്രസംഗസാധ്യതയുള്ളവയാണ്. ഉദാഹരണത്തിന്, ജീവന്റെ അപ്പം എന്ന സംഭവത്തിലെ ഒരൊറ്റ വേദഭാഗം എടുത്ത് അർത്ഥവത്തായ ഒരു പ്രസംഗം തയ്യാറാക്കാവുന്നതാണ്: "ഞങ്ങൾ ആരുടെ അടുക്കൽ പോകും?" (വാ. 68) ലോകത്തിലെ പ്രശ്നങ്ങൾക്ക് തിരഞ്ഞെടുക്കേണ്ട ഏക പ്രായോഗികത യേശു മാത്രമാണെന്ന് മനസ്സിലാക്കുന്നതുവരെ ചിലർ അവനെ ഗൗരവമായി പരിഗണിക്കുകയില്ല – വാസ്തവത്തിൽ അവൻ മാത്രമാണ് ആത്മാക്കൾക്കുള്ള ഏക പ്രത്യാശ.

വീണ്ടും, മരുഭൂമിയിലെ മന്ന എന്ന ആശയം ജനക്കൂട്ടത്തിന്റെ മനസ്സിലുണ്ടായിരുന്നു എന്നതുകൊണ്ട്, ക്രിസ്തു അതിനെ ജീവന്റെ അപ്പം എടുത്തുകൊണ്ട് വൈപരീത്യം ബോധ്യമാക്കി. ആ വ്യത്യസ്തത കാണിക്കുവാൻ നിങ്ങൾക്കുവേണമെങ്കിൽ ഒരു ചാർട്ട് തയ്യാറാക്കാം, അത് പ്രസംഗിക്കുവാനുള്ള ബാഹ്യരൂപരേഖയായി ഉപയോഗിക്കാം. നിങ്ങളുടെ ചിന്ത ഉണർത്തേണ്ടതിനുള്ള ഒരു മാതൃകാ ചാർട്ട് താഴെ കൊടുത്തിരിക്കുന്നു.

**ജീവന്റെ അപ്പം (6:27-58)**

| **മന്ന** | **ജീവന്റെ അപ്പം** |
|---|---|
| ദൈവത്തിൽ നിന്ന് (വാ. 31, 32) | ദൈവത്തിൽ നിന്ന് (വാ. 32, 58) |
| നശിക്കുന്ന (വാ. 27) | നിലനിൽക്കുന്ന (വാ. 27) |
| ഭൗതികം (അപ്പം) | ആത്മികം (യേശു; വാ. 35, 48, 51) |
| തിന്നശേഷം പിന്നീടു വിശപ്പുള്ളവർ (അന്തർലീനം) | തിന്നുന്നവർ തൃപ്തിപ്പെടും (വാ. 35) |
| തിന്നവർ ക്രമേണ മരിച്ചു (വാ. 49, 58) | തിന്നുന്നവർ ജീവിക്കും (വാ. 33, 40, 47, 50, 51, 58) |
| തിന്നവർ ശരിയായി തീർന്നു (വാ. 31) | *വിശ്വാസ*ത്താൽ ശരിയായി തീർന്നു (വാ. 29, 35, 36, 40, 47) |

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിൽ ആരംഭത്തിലുള്ള "നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?" എന്ന പാഠത്തിലേക്കുള്ള മുഖവുര വീണ്ടും വായിക്കുക. [2]ആ പിൻവാങ്ങലിന് യേശു നിർദ്ദേശിച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കുവേണമെങ്കിൽ അവലോകനം നടത്താം. (കഴിഞ്ഞ പാഠത്തിന്റെ അവസാനഭാഗം വീണ്ടും വായിക്കുക.) [3]ആ സംഭവത്തിന്റെ പൂർണ്ണ വിവരങ്ങൾക്ക്, തുടർന്നുവരുന്ന പ്രസംഗം നോക്കുക. പാഠത്തിലെ ഈ സമയത്ത്, ആ സംഭവത്തിന്റെ പ്രാധാന്യത്തെ നിങ്ങൾക്കുവേണമെങ്കിൽ ഊന്നിപ്പറയാം. (ഈ പുസ്തകത്തിൽ ആരംഭത്തിൽ കാണുന്ന "ആളുകൾക്കു വാസ്തവത്തിൽ സഹായം ആവശ്യമുള്ളപ്പോൾ," എന്നതിന്റെ മുഖവുര നോക്കുക.) [4]"ആശ്രയം" എന്നത് സബ്–പോയിന്റ് ടൈറ്റിലിന് ഉപയോഗിച്ചിരിക്കുന്നു, കാരണം രക്ഷിക്കുന്ന വിശ്വാസത്തെ പറയുമ്പോൾ അതിനുള്ള അത്യാവശ്യ ഘടകമാണ് ആശ്രയം. [5]വേദഭാഗത്ത് അത് കൃത്യ

മായി പ്രസ്താവിച്ചിട്ടില്ലെങ്കിലും, ആ ചോദ്യവും മറ്റുള്ളവയും ഞാൻ സബ്–പോയിന്റു ടൈറ്റിലായി ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം യേശു തന്റെ അപ്പൊസ്തലന്മാർക്ക് പരീക്ഷണങ്ങൾ നൽകിയതുകൊണ്ടാണ്. [6]ഇത് അന്തർലീനമാക്കിയിരിക്കുന്നു. അവർ എന്തെങ്കിലും ആഹാരം കൊണ്ടുവന്നുവെങ്കിൽ, ലഭ്യമാകുന്ന വിവരം തീർച്ചയായും അവർ യേശുവിനോടു പറയുമായിരുന്നു. അവർക്കില്ലാതിരുന്നതുകൊണ്ടായിരിക്കാം ഒരു പക്ഷെ അവർ ഹെരോദാവിന്റെ പ്രദേശം വിട്ട് ഉടനെ പോകുവാൻ ഇടയാക്കിയത്. അവർ ഒരു പക്ഷെ അടുത്തുള്ള ടൗണിൽ പോയി ഭക്ഷണം വാങ്ങുവാൻ പദ്ധതി ഇട്ടിരിക്കാം (യോഹന്നാൻ 4:8 നോക്കുക). [7]ഈ കാര്യത്തിൽ അവരുടെ പോരായ്മ പിന്നീടുള്ള നമ്മുടെ സംഭവത്തിൽ ഊന്നി പറയുന്നുണ്ട്; മർക്കൊസ് 6:42 വായിക്കുക. [8]അപ്പത്തിന്റെയും മീനിന്റെയും വലിപ്പം മനസ്സിലാക്കുവാൻ, തുടർന്നുവരുന്ന പ്രസംഗം നോക്കുക. [9]"ആൾ–യൂ–കാൻ–ഈറ്റ് ബഫെറ്റ്" എന്ന വാക്ക് അമേരിക്കയിൽ ഉപയോഗിക്കുന്ന ഹോട്ടലുകളിൽ ആളുകൾ തങ്ങൾക്കു തൃപ്തിവരുവോളം ഭക്ഷിക്കേണ്ടതിന് അവരുടെ പ്ളെയിറ്റുകൾ തുടർച്ച യായി നിറയ്ക്കുവാൻ അനുവദിക്കുന്നു. ഞാൻ അത് ഇവിടെ ഉപയോഗിക്കുവാൻ കാരണം സുവിശേഷ വിവരണങ്ങളിലെല്ലാം "തൃപ്തരായി" തീരുന്നതുവരെ ആളുകൾ ഭക്ഷിച്ചു എന്നു പറയുന്നുണ്ട്. [10]യോഹന്നാൻ 6:26 അവരുടെ താൽപര്യത്തെ കാണിക്കുന്നു.

[11]തന്നെപ്പോലെ ഒരു പ്രവാചകനെ ദൈവം എഴുന്നേൽപ്പിക്കുമെന്ന് മോശയോടു അവൻ പറഞ്ഞ ആ പ്രസ്താവന ആളുകൾക്കു സ്പഷ്ടമായും ഉണ്ടായിരുന്നു (ആവർത്തനപുസ്തകം 18:15). യേശുവിന്റെ അടുത്ത ദിവസത്തെ പ്രസംഗം സൂചിപ്പി ക്കുന്നത് അവനെ ആളുകൾ മോശയുമായി താരതമ്യം ചെയ്തു എന്നാണ് (യോഹന്നാൻ 6:31, 32, 49, 58 നോക്കുക). [12]യേശുവിന്റെ ശുശ്രൂഷ അവസാനത്തോട് അടുത്തപ്പോൾ, യേശു തന്റെ യെരുശലേമിലേക്ക് വിജയയാത്ര നടത്തിയപ്പോൾ ജനങ്ങൾക്ക് അതേ ആവേശം അനുഭവപ്പെട്ടു (മത്തായി 21:1–11, 14–17; മർക്കൊസ് 11:1–11; ലൂക്കൊസ് 19:29–44; യോഹന്നാൻ 12:12–19). [13]യേശു പിതാവിന്റെ അടുക്കലേക്ക് സ്വർഗ്ഗാരോഹണം ചെയ്ത് എത്തുന്നതിനുമുൻപ് അവൻ കിരീടധാരിയായ രാജാവായി തീർന്നില്ല. എങ്ങനെയായാ ലും, താൻ "യെഹൂദന്മാരുടെ രാജാവ്" ആണെന്നു സമ്മതിച്ചതുകൊണ്ട് (മത്തായി 27:11), വിദ്വാന്മാരുടെ പ്രസ്താവന കൃത്യമായിരുന്നു എന്നു നാം തിരിച്ചറിയണം. [14]അവൻ അവ രോടു ബെത്സയിദ/കഫർന്നഹൂമിലേക്കു പോകുവാൻ ആവശ്യപ്പെട്ടു (മർക്കൊസ് 6:45; യോഹന്നാൻ 6:17). (ആ ബെത്സയിദ കഫർന്നഹൂമിനടുത്തായിരുന്നു, ഒരുപക്ഷെ ഉൾപ്ര ദേശം ആയിരുന്നേക്കാം.) തന്റെ ശിഷ്യന്മാരെ ദൂരെ മാറ്റുവാൻ യേശു ആഗ്രഹിച്ചതിന്റെ കാരണം യേശു നമ്മോടു പറഞ്ഞിട്ടില്ല. പുരുഷാരത്തോടു വിട്ടുപോകുവാൻ കൽപിച്ച കൽപനയോടു അവരും അനുസരിക്കേണ്ടതിനായിരിക്കാം. ഒരുപക്ഷെ തെറ്റിദ്ധരിക്കപ്പെട്ട് എരിവുകാണിച്ച ജനക്കൂട്ടത്തിനിടയിൽ അവരും ചേരാതിരിക്കേണ്ടതിനായിരിക്കാം. എങ്ങ നെയായാലും, രാജ്യത്തെ സംബന്ധിച്ച് ലൗകിക തെറ്റിദ്ധാരണകൾ അവരിലും ഉണ്ടാ യിരുന്നു. [15]പുരുഷാരത്തിൽ പലരും കാണപ്പെടുന്ന ദൂരത്തിൽ തന്നെ ആയിരുന്നു (യോഹന്നാൻ 6:22), എന്നാൽ യേശു ചുരുങ്ങിയത് അവരെ പിരിച്ചുവിട്ടുകൊണ്ട് ആവേശം ശമിപ്പിച്ചു. [16]അത് അന്തർലീനമാക്കിയിരിക്കുന്നു. ദുഃഖിക്കുവാൻ അവന് അസം ഖ്യം കാരണങ്ങൾ ഉണ്ട്. ആ അവസരത്തിൽ അവന്റെ അപ്പൊസ്തലന്മാരുടെയും പുരു ഷാരത്തിന്റെയും പൊതുവായ തെറ്റിദ്ധാരണക്കുപുറമെ, അവന്റെ കസിനായിരുന്ന യോഹന്നാൻ സ്നാപകന്റെ വേർപാടിൽ, ദുഃഖിക്കുവാനുള്ള സന്ദർഭം പോലും ലഭിച്ചി രുന്നില്ല. [17]ആ പ്രദേശത്ത് ഒരു മലയുണ്ടായിരുന്നു (യോഹന്നാൻ 6:3). പുരുഷാരത്തോട് ഉപദേശിക്കുവാൻ ഒരു പക്ഷെ യേശു മലഞ്ചെരുവിൽ ഇരുന്നിരിക്കാം, പിന്നെ താഴെ ഇറങ്ങി സമതല പ്രദേശത്ത് ചെന്ന് ആളുകളെ പോഷിപ്പിച്ചുകാണും. [18]എൻഎ എസ്ബിയിൽ "മൂന്ന് അല്ലെങ്കിൽ നാല് മൈൽ" എന്നാണ് (യോഹ ന്നാൻ 6:19). കെജെ

വിയിൽ "അഞ്ചോ ഇരുപതോ അല്ലെങ്കിൽ മുപ്പതോ ഫർലോങ്" എന്നാണ്. ഗ്രീക്കിൽ ഇരുപത്തി–അഞ്ച് അല്ലെങ്കിൽ മുപ്പത് *സ്റ്റാഡിയാ* എന്നാണ്. *സ്റ്റാഡിയ* എന്നത് *സ്റ്റാഡി യോൺ* എന്നതിന്റെ ബഹുവചനമാണ്, അത് റോമൻ അളവുപ്രകാരം ഏതാണ്ട് 607 അടിവരും. [19]ഈ പുസ്തകത്തിൽ ആരംഭത്തിലുള്ള "ഇവൻ ആർ?" എന്ന പാഠത്തിലെ ഗലീലാ കടലിനെ വിവരിച്ചിരിക്കുന്നത് വായിക്കുക. [20]"ഇരുട്ടിതുടങ്ങിയപ്പോൾ" "വൈകുന്നേരം" അവർ വിട്ടുപോയി (യോഹന്നാൻ 6:16, 17 നോക്കുക), എന്നാൽ "നാലാം മണി നേരം" വരെ യേശു അവരുടെ അടുക്കൽ വന്നില്ലായിരുന്നു (മത്തായി 14:25; മർക്കൊസ് 6:48), അത് രാവിലെ 3:00–നും 6:00–നും ഇടയ്ക്കായിരുന്നു.

[21]യേശു കാറ്റ് അയച്ചില്ല, എന്നാൽ ജീവിതത്തിലെ ഓരോ പ്രതിസന്ധിയും അവനിലുള്ള നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതായിരുന്നു. [22]ഈ പുസ്തകത്തിൽ ആരംഭത്തിലുള്ള "ഇവൻ ആർ?" എന്ന പാഠം വായിക്കുക. [23]മർക്കൊസിന്റെ വിവരണം പറയുന്നതു "അവൻ അവരെ കടന്നുപോകുവാൻ ഇച്ഛിച്ചു" എന്നാണ് (മർക്കൊസ് 6:48; എൻഎഎസ്ബി; കെജെവിയും നോക്കുക). ചിലർ പറയുന്നത് അവരെ ഭയപ്പെടുത്തുന്നത് ഒഴിവാക്കുവാനായി അവൻ "അവരെ വിട്ടുപോകുവാൻ ഇച്ഛിച്ചു" എന്നാണ്, അതങ്ങനെ ആയിരിക്കാം. എങ്ങനെയായാലും, മറ്റു വിവരണങ്ങൾ സൂചിപ്പിക്കുന്നത്, യേശു പോയതു "അവരുടെ അടുക്കലേക്കു" ആയിരുന്നു എന്നാണ് (മത്തായി 14:25; യോഹന്നാൻ 6:19). മർക്കൊസ് 6–ൽ ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്ത "പാസ് ബൈ" എന്നത് "ഗോ എലോങ് സൈഡ്" എന്നാണ്, അതായിരിക്കാം ഇവിടെയും അർത്ഥം. [24]അവൻ ഭൂതമാണെന്നു വിചാരിക്കുവാൻ, എന്താണു കാരണമെന്നു നമ്മോടു പറയുന്നില്ല; എന്നാൽ അക്കാലത്ത് ആളുകൾക്കുള്ളിൽ അന്ധവിശ്വാസം നിലനിന്നിരുന്നു എന്നോർക്കുക. [25]യോഹന്നാൻ 6:21–ൽ പറഞ്ഞിരിക്കുന്നതു "ഉടനെ" എന്നാകകൊണ്ടു ആ സംഭവങ്ങൾ നടന്നത് ഉടനെയാണ്. [26]ചിലപ്പോൾ, ഗലീലാകടലിനെ "ഗന്നേസരെത്ത് തടാകം" എന്നു വിളിച്ചിട്ടുണ്ട് (ലൂക്കൊസ് 5:1) കാരണം അതു അടുത്തുള്ള പ്രദേശമായിരുന്നു. [27]യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ ആളുകൾ തൊടുന്നതിനെ കുറിച്ച്, ഈ പുസ്തകത്തിലുള്ള "നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്ന പാഠം നോക്കുക. [28]പടകുകൾ തിബര്യാസ് കടലിന്റെ പടിഞ്ഞാറെ കരയിൽനിന്നുള്ളവയായിരുന്നു. പടകു തുഴഞ്ഞിരുന്നവർ പുരുഷാരത്തെ കാണുകയും ആളുകളെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിച്ച് പണമുണ്ടാക്കാമല്ലോയെന്ന് വിചാരിച്ച് അവർ ആ ദിശയിലേക്കു നീങ്ങി. മുൻപ്, പുരുഷാരത്തിലുണ്ടായിരുന്നവർ കഫർന്നഹൂമിൽനിന്ന് കാൽനടയായിട്ടായിരുന്നു യാത്ര ചെയ്തിരുന്നത്, എന്നാൽ കഫർന്നഹൂമിലേക്ക് തിരിച്ച് പോകുമ്പോൾ പടകിൽ പോകുന്നതായിരിക്കും എളുപ്പം. [29]ഈ വലിയ പ്രസംഗം ഓരോ–വാക്യമായി ചർച്ച ചെയ്യുവാൻ സ്ഥലം നമ്മെ അനുവദിക്കുന്നില്ല. യേശുവും അവനെ ചോദ്യം ചെയ്തവരും മാറി മാറി പറഞ്ഞവ ചുരുക്കിപറയേണ്ടത് ആവശ്യമായിരിക്കുന്നു. [30]യോഹന്നാൻ 6:14–നെ ആസ്പദമാക്കിയുള്ള കുറിപ്പുകൾ ഈ പുസ്തകത്തിൽ ആരംഭത്തിൽ ഉള്ളത് അവലോകനം നടത്തുക.

[31]യോഹന്നാൻ 4:15–ലെ ശമര്യക്കാരി സ്ത്രീയുടെ ആവശ്യവുമായി ഇതിനെ താരതമ്യം ചെയ്യുക. യോഹന്നാൻ 6–ലെ അവന്റെ പ്രസംഗവും യോഹന്നാൻ 4–ലെ ശമര്യക്കാരി സ്ത്രീയുമായിട്ടുള്ള യേശുവിന്റെ ചർച്ചയും തമ്മിൽ താരതമ്യം ചെയ്താൽ പല സമാനതകളും ലഭിക്കുന്നു. ക്രിസ്തു യോഹന്നാൻ 4–ൽ വെള്ളത്തെ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നു കാരണം ആ സ്ത്രീയുടെ മനസ്സിൽ വെള്ളമായിരുന്നു, യോഹന്നാൻ 6–ൽ അവൻ അപ്പത്തെ ആലങ്കാരികമായി ഉപയോഗിച്ചു കാരണം പുരുഷാരത്തിന്റെ വിചാരം ആഹാരത്തെ കുറിച്ചായിരുന്നു. മുഖ്യപോയിന്റു രണ്ടിലും ഒന്നുതന്നെ. എങ്ങനെയായാലും, യോഹന്നാൻ 4–ലെ ചർച്ചയുടെ ഫലം കൈക്കൊള്ളുന്നതാകുമ്പോൾ, യോഹന്നാൻ 6–ലെ പ്രസംഗം അവസാനിക്കുന്നത് തള്ളിക്കളയുന്നതിലായിരുന്നു.

[32]കൂടാതെ വാക്യങ്ങൾ 48 മുതൽ 51 വരെ നോക്കുക. "ഞാൻ" എന്ന മറ്റു പ്രസ്താവനകൾ ഉള്ളത് 8:12, 58; 10:11; 11:25; 14:6 കൂടാതെ 15:1 എന്നിവയിലാണ്. [33]അവനിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപറയുവാൻ യേശു വേറെയും വാക്കുകൾ ഉപയോഗിച്ചു (നോക്കുക യോഹന്നാൻ 6:40, 47); എന്നാൽ, മുൻപു പറഞ്ഞതുപോലെ, ഓരോ വാക്യവും പരിശോധിക്കുവാൻ നമുക്ക് സ്ഥലം പോരാ. [34]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 385. [35]ഡേവിഡ് സ്മിത്ത്, *ദ ഡേയ്സ് ഓഫ് ഹിസ് ഫ്ളെഷ്: ദ എർത്ത്ലി ലൈഫ് ഓഫ് അവർ ലോർഡ് ആന്റ് സേവിയർ ജീസസ് ക്രൈസ്റ്റ്*, 8–ാം എഡി. (ലണ്ടൻ: ഹോഡെർ ആന്റ് സ്റ്റോട്ടൻ, 1910), 241 (എംഫസ്സിസ് ഹിസ്); ക്വോട്ടഡ് ഇൻ റോബെർട്ട് ഡങ്കൻ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 147 എൻ. [36]കത്തോലിക്കർ അവരുടെ മാസിനെ ന്യായീകരിക്കുവാൻ ഈ വേദഭാഗം ഉപയോഗിക്കുന്നുണ്ട്, അതിൽ അവർ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും അക്ഷരീകമായി യേശുവിന്റെ മാംസവും രക്തവുമായി മാറും എന്നാണ്. കർത്താവു കർത്തൃമേശ സ്ഥാപിച്ചുകൊടുത്തപ്പോൾ, എങ്ങനെയായാലും, അതൊരു *ഓർമ്മ* പെരുന്നാൾ ആണെന്നു അവൻ സ്പഷ്ടമാക്കിയിരുന്നു (ലൂക്കൊസ് 22:19; 1 കൊരിന്ത്യർ 11:24, 25). ഇത് നമ്മുടെ പരമ്പരകളിൽ പിന്നീട് പ്രതിപാദിക്കും, അത് കർത്തൃമേശ സ്ഥാപിക്കുന്നതിനെ കുറിച്ചു പഠിക്കുമ്പോഴാണ് (മത്തായി 26:26–29; മർക്കൊസ് 14:22–25; ലൂക്കൊസ് 22:19, 20; 1 കൊരിന്ത്യർ 11:23–26). [37]യെശയ്യാവു 54:13; യിരെമ്യാവു 31:33, 34 വായിക്കുക. [38]ജോണി രാംസെ, "ഈറ്റ് മൈ ഫ്ളെഷ്; ഡ്രിങ്ക് മൈ ബ്ളെഡ്," *ഗോസ്പെൽ മിനിറ്റ്സ്* (27 ജൂലൈ 1979): 3. [39]അതുമുതൽ യോഹന്നാന്റെ വിവരണത്തിൽ, "*യഥാർത്ഥ* ശിഷ്യൻ" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് "ശിഷ്യൻ" എന്നു മാത്രമാണ്. [40]അവസാനംവരെ, യൂദയുടെ അവിശ്വാസത്തെ ശേഷം അപ്പൊസ്തലന്മാർ അറിഞ്ഞിരുന്നില്ല (നോക്കുക യോഹന്നാൻ 13:21, 22).

[41]യൂദ ഏതാണ്ട് ഒരു കടങ്കഥയാണ്. ചിലർ അവനെ ഇരുണ്ട പെയിന്റ് ഉപയോഗിച്ച് വരച്ചുകൊണ്ട് (പറയുന്നു, "അവൻ ആരംഭം മുതൽ ഒരു പിശാചായിരുന്നു!"), എന്നാൽ കർത്താവിനെ വിട്ടതുകൊണ്ട് അവന്റെ ദുഷ്ടത നിമിത്തം അവനെ തരംതാഴ്ത്തിയാണ് മറ്റുള്ളവർ പറയുന്നത്. യൂദയെ കുറിച്ച് (അവനെന്തുചെയ്തു എന്തുകൊണ്ടു ചെയ്തു) കൂടുതൽ ഈ പരമ്പരയിൽ പിന്നിടുള്ളതിൽ നോക്കുക. [42]യൂദ ദ്രവ്യാഗ്രഹി ആയിരുന്നു (യോഹന്നാൻ 12:6). [43]ഇതിനെ തുടർന്നുവരുന്ന "ആളുകൾക്ക് വാസ്തവത്തിൽ സഹായം ആവശ്യമുള്ളപ്പോൾ" എന്ന പ്രസംഗത്തിൽ, ഇതിനെ കുറിച്ചുള്ള അഭിപ്രായങ്ങൾ നോക്കുക.